**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6096** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 1995 മുതൽ 2005 വരെ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ പരിഷ്കരണ തുക സർക്കാർ കുടിശിക വരുത്തിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | 05.08.2010-ലെ G.O(Ms)No.179/2010/Home പ്രകാരം ജുഡീഷ്യൽ ഓഫീസർമാരുടെ നിലവിലുള്ള ശമ്പളസ്കെയിൽ 3.07 മടങ്ങായി പരിഷ്കരിച്ചിരുന്നു. എന്നാൽ 01.01.1996മുതൽ 31.12.2005 വരെ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാർക്ക് റിവിഷൻ ആനുകൂല്യം ലഭിച്ചിരുന്നില്ല.<br>WP(C)No.1022/1989-ലെ IA No.339/2015 കേസിലെ ബഹു.സുപ്രീം കോടതിയുടെ 13.03.2018-ലെ വിധിയെത്തുടർന്ന് 01.01.1996മുതൽ 31.12.2005 വരെയുള്ള കാലയളവിൽ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാർക്കും റിവിഷൻ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുകയും, അപ്രകാരം കുടിശ്ശിക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പെൻഷൻ പരിഷ്കരണ തുക കുടിശിക വരുത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | കുടിശിക തുക 24.02.2023 ന് മുൻപ് വിതരണം ചെയ്ത് റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിയോട് സുപ്രീംകോടതി നിർദേശിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഏത് സാഹചര്യത്തിലാണ് സുപ്രീംകോടതി ഇപ്രകാരം ഒരു നിർദേശം നൽകിയതെന്ന് വിശദമാക്കുമോ; | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | കുടിശിക സർക്കാർ പൂർണ്ണമായും വിതരണം ചെയ്യുകയുണ്ടായോ; വ്യക്തമാക്കുമോ? | (ഇ) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ